LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലെന്ന് കണ്ടെത്തിയ 4 വില്ലേജുകളെ കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോകപൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അംഗീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ഇ.എസ്.എ.-യുടെ വ്യാപ്തി 13108 ച.കി.മീ.-യിൽ നിന്ന് 3114.3 ച.കി.മീ. കൃഷിസ്ഥലം, വാസസ്ഥലം, പ്ലാന്റേഷൻ ഒഴിവാക്കി 9993.7 ച.കി.മീ. ആയി ക്രമപ്പെടുത്തി.

(ഡി) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

**കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ**

43(6349) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതിനകം എത്രത്തോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനവും സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണവും ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എത്രത്തോളം പ്രയോജനപ്പെടുന്നുവെന്ന് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ എന്നീ സ്ഥാപനങ്ങൾ ദേശീയ/അന്തർദ്ദേശീയ പ്രാധാന്യമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങളുടെ സേവനവും സാങ്കേതിക സഹകരണവും കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാകും വിധം ഈ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനു നടപടി

44(6350) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിൽ പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെട്ടിട്ടുണ്ടായിരുന്ന പരിയാരം വില്ലേജിനെ അതിരപ്പിള്ളി, പരിയാരം എന്നീ രണ്ടു വില്ലേജുകളാക്കി വിഭജിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അപേക്ഷകളിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പരിയാരം വില്ലേജിനെ പരിസ്ഥിതി ലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly